# <u>ആറാമത് ഇന്ത്യ-മെക്സിക്കൊ സംയുക്ത കമ്മീഷൻ യോഗം</u>

**ഒക്ടോബർ 22, 2014**

**ആറാമത് ഇന്ത്യ-മെക്സിക്കൊ സംയുക്ത കമ്മീഷൻ യോഗം ( ജെസിഎം) ഒക്ടോബർ 22 , 2014 നു നടന്നു. യോഗത്തിൽ കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ്, മെക്സിക്കൊ വിദേശകാര്യ മന്ത്രി ശ്രീ ജോസ് ആന്റോണിയോ മീഡ് കുറിബ്രേന എന്നിവർ അദ്ധ്യക്ഷസ്ഥാനം പങ്ക് വച്ചു. 1984 ൽ ഈ സംവിധാനം നിലവിൽ വന്നിട്ട് ഇത് ആദ്യമായാണ് ജെസിഎം മന്ത്രിതല യോഗം നടക്കുന്നത്. മെക്സിക്കോയിലെ വിദേശകാര്യ മന്ത്രിക്കൊപ്പം ഉപ വിദേശകാര്യ മന്ത്രി ശ്രീ കാർലോസ് ഡേ ഇകാസയും മന്ത്രിതല ഉദ്യോഗസ്ഥരുടെ പ്രതിനിധികളും ഉണ്ടായിരുന്നു**

**രാഷ്ട്രീയം, സാമ്പത്തികം & വ്യാപാരം , ഊർജം , പരമ്പരാഗത മരുന്നുകൾ, ശാസ്ത്ര സാങ്കേതികം, സ്പേസ്, വിദ്യാഭ്യാസം, വിനോദസഞ്ചാരം, കോൺസുലാർ , സാംസ്ക്കാരിക വിഷയങ്ങൾ എന്നിവ ഉൾപ്പെടെ മൊത്തം ഉഭയകക്ഷി ബന്ധങ്ങൾ വിശാലമായ രീതിയിൽ രണ്ടു മന്ത്രിമാരും ചർച്ച ചെയ്തു. ഇന്ത്യക്ക് നിലവിൽ കമ്മ്യൂണിറ്റി ഓഫ് ലാറ്റിൻ അമേരിക്കൻ കരീബിയൻ സ്റ്റേറ്റ്സ് , പസിഫിക് അലയൻസ് എന്നിവയുമായുള്ള ഇടപാടുകൾ ഉൾപ്പെടെ പ്രധാനപ്പെട്ട മേഖലാ, ബഹുമുഖ വിഷയങ്ങളും അവർ ചർച്ച ചെയ്തു.**

**ശാസ്ത്ര സാങ്കേതികം, വിനോദസഞ്ചാരം, കൃഷി എന്നിവയുടെ സംയുക്ത കർമ സമിതി യോഗങ്ങൾ സംയുക്ത കമ്മീഷൻ യോഗത്തിനോടു അനുബന്ധിച്ച് ഒക്ടോബർ 20 , 2014 നു നടന്നിരുന്നു. , സമാധാന ലക്ഷ്യങ്ങൾ മുൻ നിർത്തിയുള്ള സ്പേസ് സഹകരണത്തിനുള്ള ധാരണാപത്രം മെക്സിക്കോയിലെ സ്പേസ് ഏജൻസിയുമായി ഐഎസ്ആർഒ ഒപ്പ് വച്ചു.**

മന്ത്രിതലത്തിൽ നടത്തുന്ന  സംയുക്ത കമ്മീഷൻ യോഗങ്ങൾ 2007 ൽ സ്ഥാപിക്കപ്പെട്ട വിശിഷ്ട പങ്കാളിത്തത്തെ കൂടുതൽ ആഴമുള്ളതും ശക്തിമത്തും ആക്കുവാൻ സഹായിക്കുമെന്ന് മന്ത്രിമാർ ഉറച്ച വിശ്വാസം രേഖപ്പെടുത്തി

ന്യൂഡെൽഹി

ഒക്ടോബർ 22, 2014